## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3272** | | **19.06.2019-ൽ മറുപടിയ്ക്ക്** | |
| **സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിൽ നഗരസഭ വക സ്ഥലത്ത് അമൃത് പദ്ധതിയുടെ കീഴിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതു സംബന്ധിച്ച് പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | അമൃത് പദ്ധതിയിൽ സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ കൊച്ചി കോർപ്പറേഷനിലെ 15, 16, 17 ഡിവിഷനുകളിൽ ഡീസെൻട്രലൈസ്ഡ് സ്വിവറേജ് പദ്ധതിക്കായി കൊച്ചി കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുള്ള 44.56 കോടി രൂപയുടെ പദ്ധതി അമൃത് പദ്ധതിയുടെ ഉന്നതാധികാര സമിതി പരിശോധിച്ച് 44.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർമാനുമായ സാങ്കേതിക സമിതി പരിശോധിച്ച് 42.95 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. കൊച്ചി കോർപ്പറേഷൻ പ്രസ്തുത പദ്ധതി 28.02.2019 ൽ ആദ്യമായി ടെന്റർ ചെയ്തു. ടെന്ററുകൾ ലഭിക്കാത്തതിനാൽ റീ ടെന്റർ ചെയ്തിരിക്കുകയാണ്. |
| (സി) | എത്ര സെന്റ് സ്ഥലമാണ് ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഡിവിഷൻ 15 ൽ 15 സെന്റ്, ഡിവിഷൻ 16 ൽ 20 സെന്റ്, ഡിവിഷൻ 17 ൽ 20 സെന്റ് - ആകെ 55 സെന്റ്. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 2019 സെപ്റ്റംബർ മാസത്തിൽ പദ്ധതി ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ